**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4088

16.12.2014-ലെ മറുപടിയ്ക്ക്

**പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ ഫെഡറേഷൻ**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ ഫെഡറേഷനിൽ ഇപ്പോഴത്തെ ഭരണ സമിതി അധികാരത്തിൽ വന്നതിന് ശേഷം PSC യുടെയും ഗവൺമെന്റ് അനുമതിയില്ലാതെയും താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർ; ഇവരുടെ ജാതി, പ്രായം, യോഗ്യത എന്നിവ വ്യക്തമാക്കാമോ; | (എ) | 13 താൽക്കാലിക ജീവനക്കാരെ ഫെഡറേഷൻ മാനേജിംഗ് ഡയറക്ടറുടെ 30.6.2014 ലെ ഇ.609/2014/803 നമ്പർ ഉത്തരവ് പ്രകാരം 3.3.2005 മുതൽ മുൻകാല പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ നിയമനങ്ങളിൽ ഫെഡറേഷനിൽ നിലവിലുള്ള ഫീഡർ കാറ്റഗറിയിലെ 50% തസ്തികകളിൽ അംഗ സംഘങ്ങളിലെ ജീവനക്കാരെയാണോ നിയമിച്ചത് എന്ന് വ്യക്തമാക്കാമോ; | (ബി) | പെട്രോൾ പമ്പിൽ താൽക്കാലികമായി 1995 മുതൽ ജോലി ചെയ്തു വരുന്നവരെയാണ് റഗുലറൈസ് ചെയ്തിട്ടുള്ളത്. നിയമനത്തിൽ 50% സംവരണം പാലിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഈ നിയമനം സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (സി) | പരാതികൾ ലഭിച്ചിരുന്നു. ആയതിന്മേൽ അന്വേഷണം നടത്തി സഹകരണ സംഘം രജിസ്ട്രാർ തലത്തിൽ തുടർ നടപടി സ്വീകരിച്ച് വരുന്നു. |
| (ഡി) | SC /ST സഹകരണ ഫെഡറേഷന്റെ കീഴിൽ തൃശ്ശൂർ ആഞ്ചേരിയിൽ പ്രവർത്തിക്കുന്ന ആയൂർധാരയിലെ പ്രൊഡക്ഷൻ നിർത്തിവച്ചിട്ട് എത്ര മാസമായി ;എന്താണ് കാരണം; ഇപ്പോഴത്തെ ഭരണ സമിതി നിലവിൽ വന്നതിന് ശേഷം എത്ര ജീവനക്കാരെ നിയമിച്ചു; വ്യക്തമാക്കുമോ : | (ഡി) | ആയൂർധാരയിലെ മരുന്നുല്പാദനം നിർത്തി വച്ചിട്ടില്ല. ഫണ്ടിന്റെ ദൗർലഭ്യം കാരണം പൂർണ്ണതോതിൽ ഉൽപ്പാദനം നടക്കുന്നില്ല. ഇപ്പോഴത്തെ ഭരണ സമിതി നിലവിൽ വന്നതിനു ശേഷം 12 ജീവനക്കാരെ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. ഫാക്ടറിയുടെ ഓരോ ഉൽപ്പാദന ഘട്ടത്തിലും ടി ജീവനക്കാരെ വിനിയോഗിക്കുന്നുണ്ട്. |
| (ഇ) | പത്ര പരസ്യം നൽകി ഇൻറർവ്യൂ നടത്തിയാണോ നിയമിച്ചത്; ഇതിന് ഫെഡറേഷൻ ഭരണ സമിതിയുടെ അംഗീകാരം ഉണ്ടോ; | (ഇ) | പത്രപരസ്യം, ഇന്റർവ്യൂ എന്നിവ നടത്തിയിട്ടില്ല. ഭരണ സമിതി തീരുമാന പ്രകാരം താൽക്കാലിക നിയമനമാണ് നടത്തിയിട്ടുള്ളത്. |
| (എഫ്) | ഇങ്ങനെ നിയമിച്ചവർക്ക് ബോണസ് ഉൾപ്പെടെ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിവരുന്നു; വ്യക്തമാക്കാമോ? | (എഫ്) | വേജസ്, ബോണസ്, ഫെസ്റ്റിവൽ അഡ്വാൻസ്, ഫ്രീ മെഡിസിൻ എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | പേര് | തസ്തിക | ജാതി | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|---|---|
| 1 | ശ്രീ.പി.ജെ.മാത്യൂ | കാഷ്യർ | ക്രിസ്ത്യൻ-സാംബവർ | 20/04/71 | ബി.എ (ഫെയിൽഡ്) |
| 2 | ശ്രീ.ഷാബു ജി.എസ് | കാഷ്യർ | ഹിന്ദു-ഈഴവ | 10/12/72 | എസ്.എസ്.എൽ.സി |
| 3 | ശ്രീ.സതീശൻ എസ് | ഓപ്പറേറ്റർ | ഹിന്ദു-പരവൻ | 08/06/61 | എസ്.എസ്.എൽ.സി (ഫെയിൽഡ്) |
| 4 | ശ്രീ.മോഹനൻ.കെ | ഓപ്പറേറ്റർ | ഹിന്ദു-തണ്ടാൻ | 02/03/61 | എസ്.എസ്.എൽ.സി (ഫെയിൽഡ്) |
| 5 | ശ്രീ.എസ്.അശോകൻ | ഓപ്പറേറ്റർ | ഹിന്ദു-കുറവ | 24/11/59 | എട്ടാം ക്ലാസ്സ് |
| 6 | ശ്രീ.വി.മണിയൻ | ഓപ്പറേറ്റർ | ഹിന്ദു-ചേരമാൻ | 11/05/62 | എസ്.എസ്.എൽ.സി (ഫെയിൽഡ്) |
| 7 | ശ്രീ.രാജേഷ്.ടി | ഹെൽപ്പർ | ഹിന്ദു-നാടാർ | 21/04/80 | എസ്.എസ്.എൽ.സി (ഫെയിൽഡ്) |
| 8 | ശ്രീ.വൈ.സ്റ്റീഫൻസൻ | ഹെൽപ്പർ | ക്രിസ്ത്യൻ-സാംബവർ | 04/06/62 | എസ്.എസ്.എൽ.സി (ഫെയിൽഡ്) |
| 9 | ശ്രീ.എ.ശ്രീകുമാർ | ഹെൽപ്പർ | ഹിന്ദു-ചെക്കാല | 15/05/73 | എസ്.എസ്.എൽ.സി. |
| 10 | ശ്രീ.ഐ.സജികുമാർ | ഹെൽപ്പർ | ഹിന്ദു-ചേരമാൻ | 17/05/63 | എസ്.എസ്.എൽ.സി |
| 11 | ശ്രീ.കെ.കുട്ടൻ | ഹെൽപ്പർ | ഹിന്ദു-ചേരമാൻ | 20/05/73 | എസ്.എസ്.എൽ.സി (ഫെയിൽഡ്) |
| 12 | ശ്രീ.ഭുവനചന്ദ്രൻ | ഹെൽപ്പർ | 12.11.2013-ൽ വിരമിച്ചു | | |
| 13 | ശ്രീമതി.ബീന.ഐ | സ്വീപ്പർ | ഹിന്ദു-പുലയ | 22/04/69 | എസ്.എസ്.എൽ.സി (ഫെയിൽഡ്) |

സെക്ഷൻ ഓഫീസർ